# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 2899 | 20/06/2013 ൽ മറുപടിക്ക്

## കാവിൽ -തീക്കുനി - കുറ്റ്യാടി റോഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. കെ.കെ. ലതിക** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കുറ്റ്യാടി മണ്ഡലത്തിലെ കാവിൽ-തീക്കുനി-കുറ്റ്യാടി റോഡ് മെക്കാഡം പ്രവൃത്തികൾ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 3.50 കോടി രൂപയുടെ ഭരണാനുമതി നൽകിയ കുറ്റ്യാടി മണ്ഡലത്തിലെ കാവിൽ-തീക്കുനി-കുറ്റ്യാടി റോഡ് കി.മീ 1/170 മുതൽ 3/000 വരെ മെക്കാഡം പ്രവൃത്തി ചെയ്യുന്നതിന് വേണ്ടി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുത്തിട്ടുണ്ട്.<br>കെ.ടി.കെ റോഡിൽ 3/00 മുതൽ 8/600 വരെയും 9/400 മുതൽ 11/500 വരെയും മെക്കാഡം പ്രവൃത്തി ചെയ്യാനുള്ള 10 കോടിയുടെ എസ്റ്റിമേറ്റ് ചീഫ് എൻജിനീയർതലത്തിൽ തയ്യാറാക്കിവരുന്നു. |
| (ബി) പ്രസ്തുത റോഡിൽ ഇപ്പോൾ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) 1).കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ കി.മീ.17/000 മുതൽ 17/200 വരെ ഓവുചാൽ നിർമ്മാണം (7 ലക്ഷം രൂപ)<br>2) കി.മീ 0/000 മുതൽ 1/170 വരെയും 3/000 മുതൽ 18/225 വരെയും ഓവുചാലുകളിലേയും ഓവുപാലങ്ങളിലേയും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരെ |

ഏൽപ്പിച്ചിട്ടുണ്ട് (2.50 ലക്ഷം രൂപ)

3) ബി.ടി.പാച്ച് പ്രവൃത്തി കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ 4/000 മുതൽ 4/800 വരെ (15 ലക്ഷം രൂപ) പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചിട്ടുണ്ട്. മഴകാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല.

<u>എസ്.എൽ.ടി.എഫ് 2013-14 റെന്യൂവൽ പ്രോഗ്രാമിൽ ഉൾപ്പെട്ടതായി കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിന്റെ പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.</u>

1. കി.മീ 3/000 മുതൽ 4/000 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി (18 ലക്ഷം രൂപ) ടെണ്ടർ ചെയ്തിട്ടുണ്ട്.
2. കി.മീ 4/000 മുതൽ 5/000 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി (18 ലക്ഷം രൂപ) ടെണ്ടർ ചെയ്തിട്ടുണ്ട്.
3. കി.മീ 5/000 മുതൽ 6/000 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി (18 ലക്ഷം രൂപ) ടെണ്ടർ ചെയ്തിട്ടുണ്ട്.

<u>ഫ്ളഡ് ഡാമേജ് പ്രവൃത്തി</u>

കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ 3/900 മുതൽ 4/500 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി [ഇടത് ഭാഗം ഓവുചാലും പാർശ്വഭിത്തി നിർമ്മാണവും (10 ലക്ഷം രൂപ)].

സെക്ഷൻ ഓഫീസർ